പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 237 | 10.12.2014- ൽ മറുപടിക്ക് |

ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. മോയിൻ കുട്ടി<br>" കെ. എൻ. എ . ഖാദർ<br>" റ്റി. എ. അഹമ്മദ് കബീർ<br>" കെ. എം. ഷാജി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് സമ്പ്രദായം നിലവിലുണ്ടോ; | എ) | നിലവിലുണ്ട്. |
| ബി) | എങ്കിൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെയും, ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങൾ കണ്ടെത്താനും നിയമ നടപടി സ്വീകരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ; | ബി) | സംസ്ഥാന വ്യാപകമായി ഐസ്ക്രീം പൗഡർ,ബദാം മിക്സ്, ഷാർജ, പിസ്ത ജ്യൂസ് പൗഡർ എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചതിൽ മാരകമായ രാസവസ്തുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിരുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള പരാതി വളരെ ഗൗരവമുള്ളതായതിനാൽ സംസ്ഥാന വ്യാപകമായി ഇത്തരം ഭക്ഷ്യോൽപന്നങ്ങളുടെ സാമ്പിളുകൾ നിരന്തരം ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. ഇത് സംബന്ധിച്ച് നിരന്തര പരിശോധന നടത്തുവാനും ഈ വിഷയത്തിൽ അതീവ ജാഗ്രത പാലിക്കുവാനും നിർദ്ദേശമുണ്ട്. ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ, |

| | | | |
|---|---|---|---|
| | | | എന്ന് ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ മെഡിക്കൽ ഓഫീസർമാർ എന്നിവർ പരിശോധന നടത്തുന്നതും പൊതുജന ആരോഗ്യ നിയമ പ്രകാരമുള്ള നടപടികൾ സ്വീരിക്കുന്നതുമാണ്. |
| സി) | 2013-14 വർഷങ്ങളിൽ ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**